(സി) ഇല്ല.

(ഡി) ഇവരുടേത് സ്ഥിര നിയമനമായിരുന്നില്ല. 6/10/1995-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 218/95/ത.ഭ.വ. പ്രകാരം ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമായിരിക്കണമെന്നും, തികച്ചും താൽക്കാലികമായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. അതിനാൽ ഇവരെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല.

മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജനം

78 [2387] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് ഉപജില്ല് വിദ്യാഭ്യാസ ഓഫീസ് വിഭജിക്കണമെന്ന നിർദ്ദേശവും ബന്ധപ്പെട്ട കാര്യങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറുമായി ചർച്ച ചെയ്ത് പരിശോധിച്ചു വരികയാണ്. തീരുമാനമായിട്ടില്ല.

സ്കൂളുകളുടെ പ്രവർത്തനം

79 [2388] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഗവൺമെന്റ് ഹൈസ്കൂളുകൾ പുതുതായി തുടങ്ങി; അവ ഏതെല്ലാം;

(ബി) നിലവിലുള്ള എത്ര സർക്കാർ സ്കൂളുകൾ ഈ കാലയളവിൽ ഹൈസ്കൂളുകളായി ഉയർത്തി; അവ ഏതെല്ലാം;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ യു. പി., എൽ. പി. സ്കൂളുകൾ ആരംഭിച്ചു; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ എത്ര എയിഡഡ് സ്കൂളുകൾ നിറുത്തലാക്കിയെന്നും അവ ഏതെല്ലാം വിഭാഗങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിൽ എത്ര അൺ എയിഡഡ് സ്കൂളുകൾ സംസ്ഥാനത്ത് ആരംഭിച്ചു എന്നും അവ ഏതെല്ലാമാണെന്നും കാണിക്കുന്ന പട്ടിക ലഭ്യമാക്കുമോ;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ മേഖലയിലുള്ള എത്ര ഹൈസ്കൂളുകൾ നിറുത്തലാക്കി; യു. പി., എൽ. പി. വിഭാഗത്തിൽ എത്ര സർക്കാർ സ്കൂളുകൾ വീതം നിർത്തലാക്കി; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ കാലയളവിൽ സ്കൂളുകൾ പൂട്ടുന്നതിന് നാളിതുവരെ എത്ര സ്കൂളുകൾ മാനേജർമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 2001-നു ശേഷം ഗവ. ഹൈസ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഗവ. സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(സി) ഇത്തരം സ്കൂളുകളൊന്നും ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടില്ല.

(ഡി) മൊത്തം 32 എയിഡഡ് സ്കൂളുകളാണ് ഈ കാലയളവിൽ അടച്ചു പൂട്ടപ്പെട്ടിട്ടുള്ളത്. ഇവയിൽ ഒരു ഹൈസ്കൂളും, ഒരു ജൂനിയർ ബേസിക് സ്കൂളും, മൂന്ന് യു. പി. സ്കൂളുകളും ബാക്കി 27 എൽ. പി. സ്കൂളുകളും ഉൾപ്പെടും.

(ഇ) 498 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ ഏതെല്ലാമാണെന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ഈ സർക്കാരിന്റെ കാലത്ത് ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടും, യു. പി. വിഭാഗത്തിൽ രണ്ടും, എൽ. പി. വിഭാഗത്തിൽ 15-ഉം സർക്കാർ സ്കൂളുകളാണ് അടച്ചു പൂട്ടപ്പെട്ടിട്ടുള്ളത്.

(ജി) സ്കൂളുകൾ അടച്ചുപൂട്ടാൻ നിലവിൽ ഒരു മാനേജർക്കും നോട്ടീസ് നൽകിയിട്ടില്ല.

നായർകുഴി ജി. എച്ച്. എസ്.-ലെ ഓല ഷെഡ്ഡുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

80 [2389] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കുന്നമംഗലം നിയോജകമണ്ഡലത്തിലെ ചാത്തമംഗലം പഞ്ചായത്തിലെ നായർകുഴി ജി. എച്ച്. എസ്.-ന്റെ ഓലഷെഡ്ഡുകൾ അപകടാവസ്ഥിതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓല ഷെഡ്ഡുകൾ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പി. ടി. എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) നിവേദനം പരിഗണിച്ച് ഗവൺമെന്റ് സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഡി) പ്രസ്തുത സ്കൂളിലെ അപകടസ്ഥിതിയിലായ മുഴുവൻ ഓലഷെഡ്ഡുകളും മാറ്റി പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് എന്നത്തേയ്ക്ക് യാഥാർത്ഥ്യമാവും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് മൂന്ന് ക്ലാസ്മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly